**POLICE** **DEPARTMENT**

**KERALA**

**No. E2-49955/2017/QC**
City Police Office,
Kollam
cpklm.pol@kerala.gov.in
04742764422
Dated. 14-11-2017

## ലേല പരസ്യം

കൊല്ലം ജില്ലാ സിറ്റി പോലീസ് മേധാവി യുടെ അധീനതയിലുള്ളതും കൊല്ലം ജില്ലാ സായുധസേനാക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെൻറിന് ഉപയോഗമല്ലാത്തതുമായ സ്പെയർ പാർട്ട്സുകൾ 2017 നവംമ്പർ 28 ന പകൽ 11 മണിക്ക് മേൽപ്പടി കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ് .

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് 2500/- രൂപ നിരത ദ്രവ്യ മായി കെട്ടി വെയ്ക്കേണ്ടതുമാണ് .

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻ കൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 2017 നവമ്പർമാസം 27 ന വൈകുന്നേരം 4 മണിക്ക് മുൻപായി കൊല്ലം സിറ്റി ജില്ലാപോലീസ് മേധാവിയുടെ കാര്യാലയത്തിൽലഭിക്കത്തക്കവണ്ണം സമർപ്പിക്കാവുന്നതാണ.ദർഘാസിൽ ഉപയോഗശൂന്യമായസ്പെയർ പാർട്ട്സുകൾ എന്നു രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസൽകൃത ബാങ്കിൽ നിന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ വാങ്ങിയ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിൻറെയോ ദർഘാസിൻറെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലത്തുകയുടെ പകുതി സംഖ്യയും ( നികുതിയുൾപ്പെടെ) നിരതദ്രവ്യവും ചേർത്തു ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാകുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും.

ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം / ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

S Ajeetha Begum IPS
District Police Chief

E2-49955/2017/QC

05a366

To : സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക് ( ആമുഖ കത്ത് സഹിതം) പബ്ലിക് റിലേഷൻസ് ഓഫീസർ, കൊല്ലം ആമുഖകത്ത് സഹിതം സംസ്ഥാനത്തെ എല്ലാ സിറ്റി കമ്മീഷണർ മാർക്കും, ജില്ലാ പോലീസ് മേധാവി മാർക്കും കമാൻഡർമാർക്കും അറിവിലേക്കായി, കൊല്ലം സിറ്റി യിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചരണത്തിനായി ,ഡെപ്യൂട്ടി കമാണ്ടൻറ്,അസിസ്റ്റൻറ്കമാണ്ടൻറ്, എംടിഎസ്ഐ എന്നിവരുടെ അറിവിലേക്ക്

Copy To : എ .എ ,മാനേജർ ഡിപിഒ കൊല്ലം സിറ്റി എന്നിവരുടെ അറിവിലേക്ക് കാഷ്യർ, എആർക്യാമ്പ് കൊല്ലം സിറ്റി ലേല സമയത്ത് സന്നിഹിതനായി ലേല തുക കൈപ്പറ്റി സർക്കാർഫണ്ടിലേക്ക് ബന്ധപ്പെട്ട അക്കൗണ്ടിലൂടെ അടക്കേണ്ടതാണ്. നോട്ടീസ് ബോർഡ്, ഡിപിഒ, കൊല്ലം സിറ്റി

Internal Administrative Processing System
iAPS
KERALA POLICE